C2
11/8/26
11/08/2026

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ മരണപ്പെട്ട നായിക് ഇന്ദ്രജിത്ത് എസ് എസ് ന്റെ ഭാര്യ ശ്രീമതി അജന്ത വി - ക്ലർക്ക് തസ്തികയിൽ നിയമനം - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൈനിക ക്ഷേമ (എ) വകുപ്പ്

സ.ഉ.(കൈ) നം.5/2026/SWD തീയതി,തിരുവനന്തപുരം, 07-08-2026

പരാമർശം:-
1. 29.04.2002 ലെ സ.ഉ(പി)110/02/പൊ.ഭ.വ നമ്പർ ഉത്തരവ്
2. ശ്രീമതി അജന്ത വി യുടെ 04.12.2025 ലെ അപേക്ഷ.
3. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജിന്റെ 16.03.2026, 29.06.2026 തീയതികളിലെ ഡി.എസ്.ഡബ്ല്യു./217/2026-സി2നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

സൈനിക സേവനത്തിലിരിക്കുന്ന ജവാന്മാരോ, മിലിട്ടറിയുമായി അറ്റാച്ചായിരിക്കുന്ന GREF ജവാന്മാരോ ഓപ്പറേഷണൽ ഏര്യായിലോ/ഫീൽഡ് ഏര്യയിലോ വച്ച് ഹൈ ആൾറ്റിറ്റ്യൂഡ് കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ/ ഫീൽഡ് ഏര്യയ്ക്കുള്ളിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനത്തിലോ, കെണിയിൽപ്പെട്ടോ, വാഹനാപകടത്തിലോ കൊല്ലപ്പെടുകയോ, 50% ലേറെ അംഗഭംഗം സംഭവിക്കുകയോ, കാണാതാകുകയോ ചെയ്യുന്ന സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ജവാന്റെ ഒരു ആശ്രിതന്/ആശ്രിതയ്ക്ക് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ്സ് III/IV കാറ്റഗറിയിലെ താഴ്ന്ന ഗ്രേഡിൽ തൊഴിൽ സഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

2. സൈനിക സേവനത്തിനിടെ 17.11.2023 ന് ജമ്മുകാശ്മീരിലെ ഫീൽഡും ഓപ്പറേഷണൽ ഏരിയയുമായ ബാരമുള്ളയിൽ വച്ച് മരണപ്പെട്ട നായിക് ഇന്ദ്രജിത്ത് എസ് എസ് ( Service No.16123756K , 5 Engineering Regiment) ന്റെ ഭാര്യ ശ്രീമതി അജന്ത വി പരാമർശം (1) ഉത്തരവിൻപ്രകാരം തൊഴിൽ സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. 17.11.2023 ന് ജമ്മുകാശ്മീരിലെ ഫീൽഡും ഓപ്പറേഷണൽ ഏരിയയുമായ ബാരമുള്ളയിൽ ഭൂപടം നോക്കി മാർഗ്ഗം മനസ്സിലാക്കുന്നതിനിടെ ഹൃദയാഘാതം മൂലം നായിക് ഇന്ദ്രജിത്ത് എസ് എസ് ന്റെ മരണം സംഭവിച്ചതെന്നും, മരണം ഫീൽഡ് ഏരിയയിൽ വച്ച് സംഭവിച്ചതാണെന്ന് ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ റെക്കോർഡ്സ് ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണെന്നും തൊഴിൽ സഹായം സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നായിക് ഇന്ദ്രജിത്ത് എസ് എസ് ന്റെ ഭാര്യ ശ്രീമതി അജന്ത വി യ്ക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ തൊഴിൽ സഹായം ലഭിക്കുന്നതിന് അർഹതയുള്ളതാണെന്നും പരാമർശം 3 പ്രകാരം സൈനിക ക്ഷേമ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജമ്മുകാശ്മീരിലെ ഫീൽഡ് ഏരിയയായ ബാരമുള്ളയിൽ ,സൈനിക സേവനത്തിനിടെ, 17.11.2023 ന് ഹൃദയാഘാതം മൂലം മരണപ്പെട്ട നായിക് ഇന്ദ്രജിത്ത് എസ് എസ് ന്റെ ഭാര്യ ശ്രീമതി അജന്തവി, ശ്രീവിഹാർ, വട്ടകോട്, പെരുമ്പഴുതൂർ പി.ഒ, നെയ്യാറ്റിൻകര, തിരുവനന്തപുരം ,.ക്ക് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ ഏതെങ്കിലും സർക്കാർ വകുപ്പിൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL JOHNEY
അഡിഷണൽ സെക്രട്ടറി

1. ശ്രീമതി അജന്ത വി, ശ്രീവിഹാർ, വട്ടകോട്, പെരുമ്പഴുതൂർ പി.ഒ, നെയ്യാറ്റിൻകര, തിരുവനന്തപുരം. (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം).
2. ഡയറക്ടർ ഇൻ ചാർജ്ജ്, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Digitally signed by
Pradeepan A V
Date: 07-08-2026
13:11:35